(ബി) നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ പഞ്ചായത്തിന് കൈമാറിയതും എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം അവർക്ക് ഗതാഗതയോഗ്യമാക്കാൻ കഴിയാത്തതുമായ റോഡുകൾ പൊതുമരാമത്ത് വകുപ്പ് വീണ്ടും ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കാൻ തിരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ഇരുട്ടി-എടക്കാനം-പഴശ്ശി പ്രോജക്ട് റോഡ്.

2. കോളിക്കടവ്-വായനശാല-നട്ടൽ-മുണ്ടയംപറമ്പ്-കഞ്ഞിക്കണ്ടം-ആനപ്പന്തി റോഡ്.

3. അത്തിക്കൽ-ചതിരൂർ-വാളത്തോട് റോഡ്.

4. എരട്ടത്തോട്-അടയ്ക്കാതോട് റോഡ്.

5. വളവുപ്പാറ-കച്ചേരിക്കടവ്-പാലത്തുകാവ് റോഡ്

(ബി) അനുബന്ധം 'എ'† ആയി ചേർത്തിരിക്കുന്നു.

(സി)&(ഡി) ഈ കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

98 (1642) ഹിൽ ഹൈവേ

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കണ്ണൂർ ജില്ലയിലെ നടുവിൽ പഞ്ചായത്തിലെ കരുകച്ചാൽ ഒടുവള്ളിത്തട്ട് നടുവിൽ എന്ന ഹിൽ ഹൈവേ അലൈൻമെന്റ് മാറ്റി നടുവിൽ താഴത്തങ്ങാടി-കാവുകുന്ന്-നടുവിൽ എന്ന് ഭേദഗതി ചെയ്യണമെന്ന നടുവിൽ പഞ്ചായത്തിന്റെ പ്രമേയത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1.3.97-ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(ആർ.ടി.) 282/97/പൊ.ഗവ. പ്രകാരം ഹിൽ ഹൈവേയെ സംസ്ഥാന ഹൈവേ ആക്കി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കി വരികയാണ്. ഹിൽ ഹൈവേയുടെ ഭാഗമായി വരുന്നതും ബഡ്ജറ്റിൽ മതിയായ തുക ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ ഭാഗങ്ങളിൽ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലുള്ള പണികൾ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഭാഗത്തിന്റെ അലൈൻമെന്റ് തയ്യാറാക്കി അംഗീകരിക്കുന്നതിനുവേണ്ട പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. ഹിൽ ഹൈവേ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

യുടെ ഗതിമാറ്റണമെന്ന നടുവിൽ പഞ്ചായത്തിന്റെ പ്രമേയം പരിശോധിച്ചു വരുന്നു.

99 (1643) റോഡ് പണി പൂർത്തിയാക്കാൻ നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷൻ മാങ്കാവ് എം.എൽ.എ. റോഡിന്റെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) കോഴിക്കോട് പന്നിയങ്കര-ചരുംകടവ്-പയ്യാനക്കൽ റോഡ് വികസിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കോഴിക്കോട് സിവിൽ സ്റ്റേഷൻ മാങ്കാവ് എം.എൽ.എ. റോഡിന്റെ (കി.മീ. 0/0 മുതൽ 7/453)2/275 തുടങ്ങി 2/995 വരെയും, 4/925 തുടങ്ങി 7/453 വരെയും പണി കഴിഞ്ഞു. ബാക്കി ഭാഗത്തിന് സ്ഥലം വിട്ടുകിട്ടേണ്ടതായിട്ടുണ്ട്. ഇതിൽ സ്ഥലം ലഭ്യമായ 2/995 തുടങ്ങി 3/925 വരെയുള്ള ഭാഗത്തിന്റെ പണിക്ക് വേണ്ടിയുള്ള ഭരണാനുമതിയും 0/0 മുതൽ 7/453 വരെയുള്ള മുഴുവൻ ഭാഗത്തിന്റെ പുതുക്കിയ ഭരണാനുമതിക്കും ഉള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. സ്ഥലം കിട്ടുന്ന മുറയ്ക്കും, ബഡ്ജറ്റിൽ മതിയായ തുക ഉൾക്കൊള്ളിച്ചതിനുശേഷവും പണിതുടങ്ങുന്നതാണ്.

(സി)-(ഇ) ഈ റോഡിന് ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

100 (1644) ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ തിരുവനന്തപുരത്തിനും കൊല്ലത്തിനും ഇടയ്ക്ക് കല്ലമ്പലം ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്ത് നിരന്തരമായി റോഡപകടങ്ങൾ ഉണ്ടാകുന്നത് റോഡിന് ആവശ്യമായ വീതിയോ മറ്റു ക്രമീകരണങ്ങളോ ഇല്ലാത്തതുകൊണ്ടാണെന്ന് ബോദ്ധ്യമായിട്ടുണ്ടോ;

(സി) ഈ വസ്തുത കണക്കിലെടുത്ത് കല്ലമ്പലം ജംഗ്ഷൻ വികസിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly